കോഴിക്കോട് വനിതാ ഐ.ടി.ഐ.-യുടെ കെട്ടിടം പണി പൂർത്തീകരിക്കാൻ നടപടി

319 [2376] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വനിതാ ഐ.ടി.ഐ.-യുടെ കെട്ടിടം പണി പൂർത്തീകരിക്കാൻ കഴിയാതിരുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷമാണ് പ്രസ്തുത കെട്ടിടത്തിന്റെ പണി ആരംഭിച്ചത്; കരാർ പ്രകാരം എന്നാണ് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കേണ്ടിയിരുന്നത്;

(സി) പണി പൂർത്തീകരിക്കാൻ കാലതാമസം എന്താണെന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി 1-9-1998-ലാണ് ആരംഭിച്ചത്. കരാർ പ്രകാരം 31-5-2000-ൽ പണി പൂർത്തീയാക്കേണ്ടതായിരുന്നു.

(സി) പാർട്ട് ബില്ലുകളുടെ പേയ്മെന്റിന് കാലതാമസമുണ്ടായതു കാരണം കരാറുകാരൻ പണി നിർത്തിവയ്ക്കുകയായിരുന്നു.

(ഡി ആന്റ് ഇ) പണി പുനരാരംഭിക്കുന്നതിലേയ്ക്കായി കരാറുകാരൻ ഉയർന്ന നിരക്ക് ആവശ്യപ്പെട്ടിരിയ്ക്കയാണ്. ഇക്കാര്യം സർക്കാർ ആർബിട്രേഷൻ കമ്മിറ്റിയുടെ പരിശോധനയിലാണ്.

ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

320 [2377] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് സ്ഥിരമായി കെട്ടിടം, കളിസ്ഥലം, ബോയ്സ് ഹോസ്റ്റൽ, കാന്റീൻ തുടങ്ങിയവയ്ക്ക് 2003-2004 ബഡ്ജറ്റിൽ എന്തു തുക മാറ്റിവച്ചിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് 2003-2004 ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും വകുപ്പിന്റെ അനാസ്ഥ കാരണം ഒരു വർക്കും നടന്നിട്ടില്ലായെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വകുപ്പിന്റെ അനാസ്ഥ കാരണം 2004-2005-ന് പ്രസ്തുത കോളേജിൽ ഭൗതിക സാഹചര്യങ്ങൾ ഇല്ല എന്ന കാരണത്താൽ എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം റദ്ദാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) 2003-2004-ലെ ബഡ്ജറ്റിൽ 222.01 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുകയൊന്നും ചിലവഴിച്ചിട്ടില്ല. നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ നടപടി

321 [2378] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ തുടങ്ങുന്ന സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കി ആശുപത്രി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ഡി) മറ്റ് ജില്ലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിട നിർമ്മാണവും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) പ്രത്യേകാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly